3/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 1824(2)/2020/എസ്.ഐ.സി തീർപ്പ കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 10251/എസ്.ഐ.സി-ജി6/2020)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. വാസന്തി ജനാർദ്ദനൻ,
പന്നാംപതാലിൽ വീട്,
പുലിക്കല്ല് (പി.ഒ),
താന്നിക്കുഴി- 686 544.
} ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   മണിമല ഗ്രാമപഞ്ചായത്ത്,
   കരിക്കാട്ടൂർ (പി.ഒ), കോട്ടയം – 686 522.
2. അപ്പീൽ അധികാരി & അസിസ്റ്റന്റ് ഡയറക്ടർ
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്,
   കളക്ടറേറ്റ് (പി.ഒ), കോട്ടയം – 686 002.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04/06/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17/06/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 06/07/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 06/08/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 06/10/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 08/10/2020 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 14/12/2022<br>ആഡിയോ/വീഡിയോ കോൺഫറൻസിങ്ങ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. വാസന്തി ജനാർദ്ദനൻ 06/10/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 08/10/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 1824(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 04/06/2020 തീയതി സമർപ്പിച്ച അപേക്ഷയിൽ താഴെപ്പറയുന്ന വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടത്:

1. പന്നാംപതാലിൽപ്പടി-തിരുനെല്ലൂർപ്പടി റോഡിൽ വലിയതോടിന് പഞ്ചായത്ത് നിർമ്മിച്ച പാലം,
   1) വർഷം ഏതെന്നും
   2) ടി പാലം ഏതു സ്കീമിൽപ്പെടുന്നുവെന്നും, ഏതു സ്കീമിൽനിന്നാണ് നിർമ്മിച്ചതെന്നും
   3) ടി പാലം നിർമ്മിക്കുന്നതിന് ചിലവായ തുകയെത്രയെന്നും
2. ടി പാലം പണിയുന്നതിനായി തെരഞ്ഞെടുത്ത കമ്മറ്റി കൺവീനർ ആരാണെന്നും
3. ടി കമ്മറ്റി തീരുമാനത്തിന്റെ മിനിറ്റ്സിന്റെ പകർപ്പും മറ്റുമായി 6 ഇനം വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 17/06/2020-ന് എതിർകക്ഷി ഹർജിക്കാരിക്ക് മറുപടിയും നൽകിയിട്ടുണ്ട്.

4. 06/07/2020 തീയതി ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 06/08/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 28/12/2022 തീയതി ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, മണിമല ഗ്രാമപഞ്ചായത്തിലെ പന്നാംപതാലിൽപ്പടി-തിരുനെല്ലൂർപ്പടി എന്നറിയപ്പെടുന്ന റോഡിന്റെ ഭാഗമായി വലിയതോടിന് കുറുകെ നടപ്പാലം നിർമ്മിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാകുന്നതിന് വേണ്ടി ഹർജിക്കാരി 04/06/2020-ൽ മണിമല ഗ്രാമപഞ്ചായത്താഫീസിൽ വിവരാവകാശ നിയമം 2005 പ്രകാരം മണിമല

ഗ്രാമപഞ്ചായത്താഫീസിൽ അപേക്ഷ സമർപ്പിക്കുകയും ആയതിന് പഞ്ചായത്താഫീസിൽ ലഭ്യമായ രേഖകൾ പരിശോധിച്ച മറുപടി നൽകുകയും ചെയ്തിരുന്നുവെന്നുമാണ്. എന്നാൽ ടി മറുപടി തൃപ്തികരമല്ലായെന്ന് കാണിച്ച് ടിയാൾ ഒന്നും രണ്ടും അപ്പീലുകൾ സമർപ്പിക്കുകയുണ്ടായിയെന്നും, രണ്ടാം അപ്പീലിന്റെ ഭാഗമായുള്ള ഹിയറിംഗിന് മുമ്പായി 06/12/2022-ൽ ടി വിഷയവുമായി ബന്ധപ്പെട്ട ഒരു സംക്ഷിപ്ത റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായിയെന്നുമാണ്. 14/12/2022-ൽ നടത്തിയ ഹിയറിംഗിൽ പങ്കെടുത്ത മണിമല ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ-യോട് വിശദാംശങ്ങൾ ആരാഞ്ഞതിൽ ഫയൽ കണ്ടെത്താൻ സാധിക്കാതിരുന്നതിനാലാണ് അപേക്ഷകക്ക് രേഖകൾ ലഭ്യമല്ലാ എന്ന മറുപടി നൽകേണ്ടി വന്നതെന്നും ആയതിന് ഫയലിന്റെ കാലപ്പഴക്കവും (16 വർഷം) ആഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഫയലുകൾ നിരന്തരം സ്ഥാനചലനം നടത്തിയതും കാരണമായതായും ബോധിപ്പിച്ചിരുന്നുവെന്നുമാണ്. തുടർന്ന് കമ്മീഷൻ നൽകിയ ഉത്തരവിൽ ഫയൽ ലഭ്യമല്ല എന്ന മറുപടി സ്വീകാര്യമല്ലായെന്നും ഫയൽ കണ്ടെത്തുന്നതിന് അടിയന്തിരമായി തെരച്ചിൽ ടീമിനെ രൂപീകരക്കണമെന്നും ടി വിവരം അന്നേ ദിവസവും തുടർന്ന് രണ്ടാഴ്ച്ചത്തെ സമയപരിധിക്കുള്ളിൽ ഫയൽ കണ്ടെത്തി ആയതും രേഖാമൂലം കമ്മീഷനെ അറിയിക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായിയെന്നുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 14/12/2022 തീയതിയിലെ 20/2022 നമ്പർ ആഫീസ് ഉത്തരവ് പ്രകാരം തെരച്ചിൽ ടീമിനെ രൂപീകരിച്ച് വിവരം കമ്മീഷനെ അറിയിച്ചിരുന്നുവെന്നുമാണ്. കൂടാതെ പൊതുമരാമത്ത് വേലകളുടെ നിലവിലെ നിർവഹണ ഉദ്യോഗസ്ഥർ എന്ന നിലയിൽ എഞ്ചിനീയറിംഗ് വിഭാഗത്തിനും ഫയലിന്റെ ലഭ്യത പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട രേഖാമൂലം നിർദ്ദേശം നൽകിയിരുന്നുവെന്നുമാണ്. എന്നാൽ ടി ഓഫീസിലെ ലഭ്യമായ എല്ലാ രേഖകളും പരിശോധിച്ചതിലും നിരവധി അനവധിയായ ജോലിത്തിരക്കുകൾക്കിടയിൽ അവധി ദിവസവും പ്രവൃത്തി ദിവസങ്ങളിൽ അധികസമയവും വിനിയോഗിച്ച് തെരച്ചിൽ ടീമംഗങ്ങൾ പഞ്ചായത്താഫീസിൽ ലഭ്യമായ എല്ലാ രേഖകൾ പരിശോധിച്ചതിലും വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളുന്ന ഫയൽ കണ്ടെത്തുവാൻ ടീമാംഗങ്ങൾക്ക് സാധിച്ചില്ല എന്ന വിവരം അറിയിച്ചിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജ്ജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും എതിർകക്ഷി 28/12/2022 കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ 14/12/20220-ലെ ഹിയറിംഗിൽ പറഞ്ഞ പ്രകാരം എതിർകക്ഷി റ്റീം രൂപീകരിച്ച് തെരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താൻ ആയില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ജനുവരി 05-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV